പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 603

02.12.2014-ൽ മറുപടിക്ക്

## മൈത്രി ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി എടുത്ത വായ്പയുടെ കുടിശ്ശിക എഴുതിത്തള്ളുന്നതിനുള്ള നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. എം. ആരിഫ്: | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| ശ്രീ. മജീദ് റഷീദ, വടയനാട്, പാണാവള്ളി, ചേർത്തല എന്നയാൾ മൈത്രി L. I. 6 ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി CM/483/96-ാം നമ്പർ പ്രകാരം എടുത്ത വായ്പയുടെ കുടിശ്ശിക, ദുർബ്ബല പിന്നോക്ക വിഭാഗങ്ങളുടെ ഗണത്തിൽപ്പെടുത്തി എഴുതിത്തള്ളണം എന്നുള്ള അപേക്ഷയിന്മേൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; അപേക്ഷകന്റെ പിന്നോക്കാവസ്ഥ പരിഗണിച്ച് പ്രസ്തുത ലോൺ എഴുതിത്തള്ളുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | മൈത്രി ഭവന പദ്ധതി പ്രകാരം ഭാഗീകമായി മാത്രം വായ്പ ഗഡുക്കൾ കൈപ്പറ്റിയിട്ടുള്ള ശ്രീ. മജീദ് റഷീദയുടെ അപേക്ഷ പരിശോധിക്കുന്നതിനായി ടിയാനും കുടുംബവും ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെട്ടതാണോ എന്ന സാക്ഷ്യ പത്രം ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസിൽ നിന്നും ലഭ്യമാക്കി അടിയന്തിരമായി ഹാജരാക്കുവാൻ ചേർത്തല തഹസീൽദാർ ഓഫീസിൽ നിന്ന് 10.07.2008- ലെ ബി2-16/03/മിസ നമ്പർ കത്ത് പ്രകാരം ടിയാനെ അറിയിച്ചിട്ടുള്ളതാണ്. എന്നാൽ നാളിതുവരെ റിപ്പോർട്ടൊന്നും ലഭിച്ചിട്ടില്ല എന്ന് ഭവന നിർമ്മാണ ബോർഡ് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. മൈത്രി ഭവന പദ്ധതി പ്രകാരം മുഴുവൻ വായ്പാ ഗഡുക്കളും കൈപ്പറ്റി വീട്ടു പണി പൂർത്തിയാക്കിയിട്ടുള്ള ഗുണഭോക്താക്കളുടെ വായ്പ 08.11.2011- ലെ സ. ഉ (എം.എസ്) നം. 34/2011/ഭവനം പ്രകാരം എഴുതിത്തള്ളിയിട്ടുണ്ട്. എന്നാൽ ഭാഗീകമായി മാത്രം വായ്പാ ഗഡുക്കൾ കൈപ്പറ്റിയിട്ടുള്ള ഗുണഭോക്താക്കളുടെ വായ്പ എഴുതിത്തള്ളുന്ന കാര്യത്തിൽ തീരുമാനം ആയിട്ടില്ല. |

സെക്ഷൻ ഓഫീസർ